## File No.TCPCTP/2790/2019-C3

### മുഖ്യനഗരാസൂത്രകയുടെ **നടപടിക്രമം**
### തിരുവനന്തപുരം

വിഷയം :- നഗര-ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - എറണാകുളം ജില്ല - കരുമാല്ലൂർ ഗ്രാമപഞ്ചായത്ത് - കരുമാല്ലൂർ വില്ലേജ് - **പെട്രോൾ പമ്പ്** നിർമ്മാണത്തിന് ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. കരുമാല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 16/08/2019 ലെ A2-8828/19 നമ്പർ കത്ത്.

2. എറണാകുളം സീനിയർ ടൗൺ പ്ലാനറുടെ 11/11/2019 ലെ TCPEKM/2004/2019/C നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. **TCPCTP/2790/19-C3** തീയതി: **27/11/2019**

---

എറണാകുളം ജില്ലയിലെ കരുമാല്ലൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കരുമാല്ലൂർ വില്ലേജിൽ വാർഡ് 20-ൽ സർവ്വേ നമ്പർ 385/7-4, 385/7-5, 385/6-5, 385/5-6-2 ൽ ഉൾപ്പെട്ട അപേക്ഷന്റെ പേരിലുള്ള 4056 ച.മീ ആകെ വസ്തുവിൽ നിന്നും 1120 ച.മീ സ്ഥലം വേർതിരിച്ച് സെയിൽസ് ബിൽഡിംഗ് (34.98 ച.മീ) കനോപ്പി (300 ച.മീ) ഉൾപ്പെടെ ആകെ 334.98 ച.മീ വിസ്തീർണ്ണം വരുന്ന HPCL ന്റെ **പെട്രോൾ ഫില്ലിംഗ് സ്റ്റേഷൻ** നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ **ശ്രീമതി. റഹ്മത്ത് ബീവി**, തോപ്പിൽ ഹൗസ്, വെടിമറ, മന്നം പി.ഒ, എറണാകുളം എന്നയാളുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .പി.ബി.ആർ 2011 -നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ - ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1. കെ.പി.ബി.ആർ. 2011 -ലെ ചട്ടം 11 (1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ , സർവ്വെ നമ്പർ , വിസ്തൃതി, അളവുകൾ, അതിരുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. നിർദ്ദിഷ്ട നിർമ്മാണം ഉദ്ദേശിക്കുന്ന സ്ഥലത്ത് പുറമ്പോക്ക് ഉൾപ്പെട്ടിട്ടില്ലെന്ന് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
2. കെ.പി.ബി.ആർ. 2011 നും അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റു നിയമങ്ങൾക്കും പൂർണ്ണമായും വിധേയമാണെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.
3. Fire Force തുടങ്ങി ആവശ്യമായ വകുപ്പുകളിൽ നിന്നുള്ള എൻ .ഒ.സി ലഭ്യമാക്കിയിരിക്കണം.
4. എർത്ത് കട്ടിംഗ് & ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി വാങ്ങിയിരിക്കണം
5. ഖര മാലിന്യ സംസ്കരണം/ ഉപരിതല ജലനിർഗ്ഗമനം എന്നിവയ്ക്കുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും പരിസര മലിനീകരണം ഉണ്ടാകുന്നില്ലെന്നും സെക്രട്ടറി ഉറപ്പുവരുത്തണം.
6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2008-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, KLU Order 1967 എന്നിവ ബാധകമാകുന്ന പക്ഷം ആയവയ്ക്ക് അനുസൃതമാണെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

7. ആവശ്യമായ സാനിറ്ററി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും, കെ.പി.ബി.ആർ.2011 ചട്ടം 61(16) പ്രകാരം Liquid Waste Management Treatment Plant ഉം ടി കെട്ടിടത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന Waste water, recycle ചെയ്ത് റീ-യൂസ് ചെയ്യുന്നതിനുള്ള സംവിധാനം കെ .പി.ബി.ആർ.2011 ചട്ടം 61(17) പ്രകാരം ഏർപ്പെടുത്തിയിട്ടുണ്ടെന്നും സെക്രട്ടറി ഉറപ്പ് വരുത്തണം.
8. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം, ആയവ ലഭിച്ചതിന് ശേഷം മാത്രമേ അപേക്ഷ നിർമ്മാണാനുമതിക്കായി പരിഗണിക്കാവൂ.
9. കെ.പി.ബി.ആർ.2011 61 (6), 61(9) പ്രകാരം ഫയർഫോഴ്സ് ഡയറക്ടറുടേയും, ജില്ലാ കളക്ടറുടെയും അനുമതി ലഭ്യമാക്കേണ്ടതാണ്.
10. കെ.പി.ബി.ആർ.2011 61(10) പ്രകാരം പെട്രോൾ ടാങ്കിന്റെയും വെന്റ് പൈപ്പിന്റെയും സ്ഥാനവും നിർമ്മാണവും 1976 ലെ പെട്രോളിയം ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുശാസിക്കും പ്രകാരമായിരിക്കണ്ടേതാണ്.
11. പ്രസ്തുത നിർമ്മാണം പൊതുഗതാഗതത്തിന് തടസ്സമുണ്ടാകുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്.
12. പ്രസ്തുത പമ്പിന്റെ പ്രവർത്തനം മൂലം സമീപത്തെ തോട് മലിനമാകുന്നില്ലന്ന് ഉറപ്പാക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ :**151/2019** ഇതോടൊപ്പം ചേർക്കുന്നു.</u>

ഉത്തരവിൻ പ്രകാരം

**ജയശ്രീ.പി.ആർ**
ടൗൺ പ്ലാനർ

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

**സെക്രട്ടറി,**
കരുമാല്ലൂർ ഗ്രാമപഞ്ചായത്ത്

<u>പകർപ്പ്:-</u>

1. ശ്രീമതി. റഹ്മത്ത് ബീവി, തോപ്പിൽ ഹൗസ്, വെടിമറ, മന്നം പി.ഒ , എറണാകുളം
2. സീനിയർ ടൗൺ പ്ലാനർ, എറണാകുളം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം

Sr26III9